# സൂഫിസം പ്രമാണങ്ങളുടെ വെളിച്ചത്തിൽ


## ശൈഖ് മുഹമ്മദ് ജമീൽ സൈനു

### വിവ. കബീർ എം. പറളി


# സ്വൂഫീ ഗ്രന്ഥങ്ങളിലൂടെ

ഇസ്ലാമിക വൃത്തത്തിനുള്ളിലാണ് സൂഫികളെന്ന ധാരണ അധിക പേർക്കുമുണ്ട്. അവരിൽ അല്ലാഹുവിന്റ ഔലിയാക്കളുണ്ടെന്ന ധാരണയും ആളുകളിലുണ്ട്. എന്നാൽ സൂഫികളിൽ നിന്നുണ്ടായ വാക്കുകളിലൂടെ സഞ്ചരിച്ചാൽ ഇസ്ലാമുമായും ഖുർആനികാധ്യാപന ങ്ങളുമായും അവർക്ക് എന്തുമാത്രം ബന്ധമുണ്ടെന്ന് കൃത്യമായി മനസ്സിലാക്കാനാകും. സൂഫീ ശൈഖുമാരിൽ പ്രമുഖരുടെ വാക്കുകൾ നമുക്ക് വായിച്ചു നോക്കാം.

1. സൂഫികൾക്കിടയിൽ തലയെടുപ്പുള്ള ശൈഖാണ് മുഹ്യുദ്ദീൻ ബ്ൻ അറബി. ദമാസ്കസിലാണ് അയാൾ ഖബറടക്കപ്പെട്ടിട്ടുള്ളത്. അൽ ഫുതൂഹാതുൽ മക്കിയ്യ എന്ന തന്റെ കൃതിയിൽ ഇയാളെഴുതുന്നു:

   നിവേദക പരമ്പര പരിശോധിക്കുമ്പോൾ സ്വഹീഹെന്ന് വിധിക്കാ വുന്ന എത്രയോ ഹദീസുകളുണ്ട്. എന്നാൽ നബി(സ്വ)യോട് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞത്, അവ്വിധം താൻ പറയുകയോ വിധിക്കുകയോ ചെയ്തിട്ടില്ലെന്നാണ്. അപ്പോൾ, തന്റെ റബ്ബിൽ നിന്നുമുള്ള വ്യക്തമായ അറിവിന്റെ അടിസ്ഥാനത്തിൽ, ആ ഹദീസുകൾ ളഈഫാണെന്ന് മനസ്സിലാക്കി, അവ മുഖേന പ്രവർത്തിക്കുന്നതിൽ നിന്ന് മാറിനിൽക്കുകയാണ് വേണ്ടത്. ഹദീസ് പണ്ഡിതന്മാർ അവയുടെ പരമ്പരയുടെ സ്വീകാര്യത പരിഗണിച്ച് അവ കൊണ്ട് പ്രവർത്തിക്കുമെങ്കിലും യഥാർത്ഥ ത്തിൽ അവ അത്തരത്തിൽ (സ്വഹീഹായവ) അല്ല.

   ഈ പ്രസ്താവന അൽ അജലൂനിയടെ അൽ അഹാദീസുൽ മുശ്തഹറ എന്ന ഗ്രന്ഥത്തിന്റെ മുഖവുരയിൽ കാണാനാകും. സത്യത്തിൽ വളരെ അപകടം പിടിച്ച വാദഗതിയാണിത്. പ്രവാചക ഹദീസുകളോടുള്ള അവഹേളനമാണ്. ബുഖാരി(റ), മുസ്ലിം(റ) പോലുള്ള ഹദീസ് പണ്ഡിതന്മാരെ ആക്ഷേപിക്കലുമാണ്.

2. ജൂത ക്രൈസ്തവ ബിംബാരാധക മതങ്ങളും ഇസ്ലാമും ഒന്നു തന്നെ എന്ന് പ്രസ്താവിച്ച് കൊണ്ട് ഇബ്നുൽ അറബി തന്നെ പാടുന്നത് കാണുക:

   മുമ്പ്, എന്റെ മതത്തിന് അവന്റ മതവുമായി<br>
   അടുപ്പമില്ലെന്നതിന്റെ പേരിൽ ഞാനെന്റെ സുഹൃത്തിനോട് നീരസപ്പെട്ടിരുന്നു.<br>
   ഇന്നെന്റെ മനസ്സ് ഏതവസ്ഥയേയും<br>
   ഉൾക്കൊള്ളാൻ പറ്റുംവിധമായിട്ടുണ്ട്;<br>
   മാൻപേടകൾക്കുള്ള മേച്ചിൽ പുറമായും,<br>
   പാതിരിമാരിമാർക്കുള്ള അരമനയായും,<br>
   ബിംബങ്ങൾക്കുള്ള ക്ഷേത്രമായും,<br>
   ത്വവാഫ് ചെയ്യപ്പെടുന്ന കഅ്ബയായും<br>
   തൗറാത്തിനുള്ള ഫലകമായും,<br>
   ക്വുർആനിനുള്ള ഏടായും<br>
   അതിന് മാറാനാകും!!

എല്ലാ മതങ്ങളും ഒന്നാണെന്ന ഇബ്നു അറബിയുടെ ഈ വിതണ്ഡ വാദത്തെ വിശുദ്ധ ക്വുർആൻ നിശിതമായിത്തന്നെ എതിർക്കുന്നുണ്ട്.

وَمَن يَبْتَغِ غَيْرَ الإِسْلاَمِ دِينًا فَلَن يُقْبَلَ مِنْهُ وَهُوَ فِي الآخِرَةِ مِنَ الْخَاسِرِينَ (آل عمران: 85)

ഇസ്ലാം അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും. (ആലു ഇംറാൻ: 85)

3. പരമകാരുണികനായ അല്ലാഹു സൃഷ്ടിയാണ്, സൃഷ്ടി അല്ലാഹു വുമാണ് എന്ന വിശ്വാസമാണ് ഇബ്നു അറബിയുടേത്! അവർ അന്യോന്യം ആരാധിക്കുന്നുവെന്നാണ് അയാളുടെ ജല്പനം!! അയാളുടെ വാക്കുകൾ വായിക്കുക:

അവൻ എന്നെ സ്തുതിച്ചു കൊണ്ടിരിക്കുന്നു
ഞാൻ അവനേയും!
അവൻ എന്നെ ആരാധിക്കുകയാണ്
ഞാൻ അവനേയും!

സൂഫികളുടെ വിശ്വാസരംഗത്തെ ധാർഷ്ട്യമാണ് നാമിവിടെ കാണുന്നത്. സൂഫികൾ ഇസ്‌ലാമിക വൃത്തത്തിൽ തന്നെയോ എന്ന് ചിന്തിപ്പിക്കുന്ന വരികളാണ് നാം മേലെ വായിച്ചത്.

4. അൽ ഫുസ്വൂസ് എന്ന കൃതിയിൽ ഇബ്നു അറബിയെഴുതുന്നു: ഒരു മനുഷ്യൻ തന്റെ ഭാര്യയുമായി രമിക്കുമ്പോൾ പരമസത്യവുമായി(അല്ലാഹുവുമായി)ത്തന്നെയാണ് അയാൾ രമിക്കുന്നത്. മറ്റൊരു സൂഫീ ശൈഖായ നാബുൽസിയും ഇതേ ആശയം വിശദീകരിച്ചിട്ടുണ്ട്. ഇത്തരം ദുഷ്ടമനസ്ഥിതിക്കാരായ സൂഫികളിൽ നിന്നും പരിശുദ്ധനായ അല്ലാഹുവിൽ ശരണം.

5. പ്രമുഖ സൂഫീ പാതിരിയാണ് അബൂ യസീദുൽ ബിസ്താമി. അല്ലാഹുവിനോടുള്ള അയാളുടെ ധാർഷ്ട്യം കാണുക. പടച്ചവനെ വിളിച്ചു കൊണ്ട് അയാൾ പറയുകയാണ്: അല്ലാഹുവേ, നിന്റെ വഹ്ദാനിയ്യത്തു കൊണ്ട് എന്നെ നീ അലങ്കരിക്കേണമേ! നിന്റെ റബ്ബാനിയ്യത്തു കൊണ്ട് എന്നെ നീ ഉടുപ്പിക്കേമേ! നിന്റെ സൃഷ്ടികൾ എന്നെ കാണുമ്പോൾ അല്ലാഹുവേ, നിന്നെ ഞങ്ങൾ കണ്ടിരിക്കുന്നു എന്ന് പറയുമാറ് നിന്റെ അഹദിയ്യത്തിലേക്ക് നീയെന്നെ ഉയർത്തേണമേ.!

ബിസ്താമിയുടെ ദിക്റുകൾ കേട്ടു നോക്കുക:

സുബ്ഹാനീ, സുബ്ഹാനീ, മാ അഅ്ളമു ശഅ്നീ, അൽ ജന്നത്തു ലുഅ്ബത്തു സ്വിബ്യാനി.

എന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു! എന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു! എന്റെ സ്ഥാനം എത്ര മഹത്തരം! സ്വർഗം; അത് കുട്ടികളുടെ കളിപ്പാട്ടം മാത്രം!!

6. ജലാലുദ്ദീൻ അർറൂമിയുടെ ജല്പനം കാണുക: ഞാൻ മുസ്‌ലി മാണ്. അതേ സമയം ക്രിസ്ത്യാനിയും, ബ്രാഹ്മണനും, സൗരഷ്ട്ര നുമാണ്. എനിക്ക് പ്രത്യേകമായി ഒരു ആരാധനാഗേഹവുമില്ല... മസ്ജിദോ, മന്ദിറോ, ചർച്ചോ... എല്ലാം സമം!!

7. മറ്റൊരു സൂഫിപ്പാതിരിയായ ഇബ്നുൽ ഫാരിളിന്റേത് സർവ്വ പരിധിയും വിട്ട പ്രസ്താവനയാണ്.

പ്രേമാതുരനായ ഖൈസിന്റെ മുന്നിൽ ലൈലയായും
കുസൈറിന്റെ മുന്നിൽ ഉസ്സയായും അല്ലാഹു പ്രത്യക്ഷപ്പെട്ടു!
ജമീലിന്റെ വിശ്രുത കവിതയിൽ ബുസൈനയായും അല്ലാഹു മുഖം കാണിച്ചു;
അയാൾ അത് 'പരമസത്യം' തന്നെ എന്ന് തിരിച്ചറിഞ്ഞു!!

8. സന്യാസിനിയായ റാബിഅത്തുൽ അദ്‌വിയ്യയോട് ഒരിക്കലൊരാൾ ചോദിച്ചു: നിങ്ങൾ പിശാചിനെ വെറുക്കുന്നുണ്ടോ? അവൾ പറഞ്ഞു: "റബ്ബിനോടുള്ള എന്റെ സ്നേഹം എന്റെ ഹൃദയത്തിൽ ഒരാളിനോടുമുള്ള വെറുപ്പിനെ അവശേഷിപ്പിക്കുന്നില്ല!!"

മറ്റൊരിക്കൽ റാബിഅ പ്രാർത്ഥിച്ചു: "അല്ലാഹുവേ, നിന്റെ നരകാഗ്നിയോടുള്ള ഭയം കൊണ്ടാണ് നിന്നെ ഞാൻ ആരാധിക്കുന്നതെങ്കിൽ, എന്നെ നീയാ അഗ്നിയിലിട്ട് ഭസ്മമാക്കേ ണമേ!!"

സത്യവിശ്വാസികളേ, സ്വദേഹങ്ങളേയും നിങ്ങളുടെ ബന്ധുക്ക ളേയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽ നിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. (തഹ്‌രീം: 6) എന്ന് അല്ലാഹു. ആ അഗ്നിയിലിട്ട് ഭസ്മമാക്കേണമേ എന്ന് സൂഫീഭക്തയായ റാബിഅ. ഇസ്‌ലാമുമായുള്ള സൂഫികളുടെ ബന്ധം എത്ര കണ്ടുണ്ടെന്ന് ആലോചിച്ചു നോക്കുക!

സൂഫികൾക്കിടയിൽ ബഹുമാനപുരസ്സരം ആദരിക്കപ്പെടുന്ന ഈ റാബിഅ ആരാണെന്നൊ? ഒരു ഗായിക, ഒരു നർത്തകി. വിശുദ്ധ ക്വുർആനിന്റെ ഖണ്ഡിതമായ അധ്യാപനങ്ങൾക്ക് വിരുദ്ധമായി, ആ പെണ്ണിന്റെ വാക്കുകളെയാണൊ നാം സ്വീകരിക്കേണ്ടത്? ഈ സൂഫികൾക്ക് എന്തു പറ്റി?